A

सम्ग्रा शिक्षा केरल
Samagra Shiksha Kerala

# സമഗ്ര ശിക്ഷാ കേരളം

612

## ആത്യന്തിക വിലയിരുത്തൽ II 2025-2026

### അടിസ്ഥാനപാഠാവലി

ക്ലാസ്: 6

സമയം: 2മണിക്കൂർ

**നിർദേശങ്ങൾ**

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം
2. ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി. എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
3. രണ്ടു പ്രവർത്തനങ്ങൾ വീതം നൽകിയിട്ടുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനു മാത്രം ഉത്തരമെഴുതിയാൽ മതി.

## (1)വായിക്കാം, എഴുതാം

ഹരി എന്നാണ് നാടകത്തിൽ നിന്റെ പേര്. കസേരയിലിരിക്കുന്ന സാറാണ് നിന്റെ അച്ഛൻ. ഞാൻ വായിക്കുന്നത് ശ്രദ്ധിച്ചു കേട്ട് നീ അച്ഛനോട് പറയണം.

സാർ വായിച്ചു തന്നു. അച്ഛൻ വരുമ്പോൾ എനിക്കൊരോണമുണ്ടും ഓടക്കുഴലും വാങ്ങിക്കൊണ്ടു വരണം.

എല്ലാവരും ഞാൻ പറയുന്നത് കേൾക്കാൻ കാതോർത്തിരിക്കുകയാണ്. പക്ഷേ ആ ശബ്ദം മാത്രം പുറത്തേക്കു വരുന്നില്ല. എന്റെ ധർമ്മസങ്കടം ആരറിയാൻ? ഇന്നലെ വരെ പേടിയോടെ നോക്കിയിരുന്ന സാറിന്റെ മുഖത്ത് നോക്കി അച്ഛാന്ന് എങ്ങനെ വിളിക്കും? അമ്പരപ്പു കൊണ്ടും നാണം കൊണ്ടും കൈകൾ പിന്നിൽ കെട്ടി തറയിൽ നോക്കിനിൽക്കുകയാണ് ഞാൻ.

"എടാ, പറയാൻ.... പറയെടാ....." അധ്യാപകരുടെ ആക്രോശം പലഭാഗത്തുനിന്നും. അതെന്നെ പൊതിഞ്ഞു.

ശരീരത്തിന് ചൂടു കൂടി വന്നു. ശ്രുതിയും താളവുമില്ലെന്ന് പറഞ്ഞ സാറിന്റെ മുഖം ഉള്ളിൽ മിന്നിമറഞ്ഞു.

കസേരയിലിരിക്കുന്ന സാറിനെ നോക്കിയില്ല. കണ്ണുകൾ ഇറുക്കിയടച്ച് ഞാൻ ഒറ്റശ്വാസത്തിൽ പറഞ്ഞു.

"അച്ഛൻ വരുമ്പോൾ എനിക്കൊരോണമുണ്ടും ഓടക്കുഴലും കൊണ്ടുവരണം."

ആരും ഒന്നും മിണ്ടിയില്ല. ഒരു നടൻ ജനിച്ച മുഹൂർത്തമായിരുന്നു അത്; പിഴവുകളോടെയെങ്കിലും ഒരു നവജാതനടൻ.

(അഭിനയത്തിന്റെ പടവുകൾ) മുരളി

a) മുരളി അഭിനയിക്കുന്ന കഥാപാത്രത്തിന്റെ പേരെന്താണ്?

A. ഹരി

B. ഗിരി

C. മുരളി

D. രാജു

b) അച്ഛൻ വാങ്ങിക്കൊണ്ട് വരേണ്ടത് എന്തെല്ലാമായിരുന്നു?

A. ഓണത്തപ്പനും ഓണക്കോടിയും

B. ഓണമുണ്ടും ഓടക്കുഴലും

C. ഓണവില്ലും ഓണക്കോടിയും

D. ഓടക്കുഴലും ഓണപ്പൂക്കളും

c) മുരളിയോട് ആക്രോശിച്ച് സംസാരിച്ചതാരായിരുന്നു?

A. കൂട്ടുകാർ

B. രക്ഷിതാക്കൾ

C. അധ്യാപകർ

D. നാട്ടുകാർ

d) അമ്പരപ്പുകൊണ്ടും നാണം കൊണ്ടും മുരളി എന്തു ചെയ്തു എന്നാണ് ഇവിടെ പറയുന്നത്?

A. സാറിനെ നോക്കി നിന്നു

B. തറയിൽ നോക്കി നിന്നു

C. കണ്ണുകൾ ഇറുക്കിയടച്ചു

D. ശ്രദ്ധിച്ചുകേട്ടു

e) സാർ വായിച്ചു തന്ന ഡയലോഗ് പറയാൻ മുരളിക്ക് കഴിയാത്തതിന്റെ കാരണം താഴെപ്പറയുന്നതിൽ ഏതൊക്കെയാണ്?

i. കസേരയിലിരിക്കുന്നത് സ്വന്തം അച്ഛനാണ്

ii. കസേരയിലിരിക്കുന്നത് സ്വന്തം സാറാണ്

iii. ഇന്നലെ വരെ പേടിയോടെ നോക്കിയിരുന്ന സാറിനെ അച്ഛനെന്നു വിളിക്കാനുള്ള മടി

iv. പ്രശസ്തനായ ഒരു നടനായതുകൊണ്ട്.

A. i ഉം ii ഉം ശരി

B. i ഉം iv ഉം ശരി

C. ii ഉം iii ഉം ശരി

D. ii ഉം iv ഉം ശരി

## (2)പോസ്റ്റർ

a) 'അരങ്ങ്' എന്ന പേരിൽ നാടക ശിൽപശാല ഡിസംബർ 30 ന് നിങ്ങളുടെ വിദ്യാലയത്തിൽ സംഘടിപ്പിക്കുന്നു. പ്രമുഖ നാടക കലാകാരൻ വെങ്കിട സുബ്രഹ്മണ്യനാണ് ക്ലാസ്സുകൾ നയിക്കുന്നത്. പ്രസ്തുത പരിപാടിയുടെ പോസ്റ്റർ തയ്യാറാക്കുക.

b) 'ദ ഫിഷ് ആന്റ് ഐ' എന്ന സിനിമയുടെ ആശയവുമായി ബന്ധപ്പെട്ട പ്രസ്താവനയേത്?

i. ഭൂമി എന്ന മനോഹര തീരത്ത് വന്നു ചേർന്നവരെല്ലാം അതിന്റെ അവകാശികളല്ല.

ii. ഇറാനിയൻ സംവിധായകനായ മജീദി മജിദ് ആണ് ഈ ചിത്രം സംവിധാനം ചെയ്തത്.

iii. പ്രകൃതിയെ സ്നേഹിച്ചാൽ തന്റെ ജീവസമ്പത്തിനാൽ അവ നമ്മെ അനുഗ്രഹിക്കും.

iv. കാഴ്ചപരിമിതിയുള്ള ഒരാൾ തന്റെ ഹൃദയം കൊണ്ട് മീൻകുഞ്ഞിനെ സംരക്ഷിക്കുന്നു.

A. i ഉം ii ഉം ശരി
B. i ഉം iii ഉം ശരി
C. iii ഉം iv ഉം ശരി
D. ii ഉം iii ഉം ശരി

c) ഛായാചിത്രങ്ങളെക്കുറിച്ച് ഏതൊക്കെ പ്രസ്താവനകളാണ് ശരിയായി വരുന്നത്?

i. ഒരു കാഴ്ചയെ ആവിഷ്കരിക്കുന്ന രീതിയാണ് ഛായാചിത്രങ്ങളുടേത്.

ii. പ്രകാശം കൊണ്ടുള്ള വരയാണ് ഛായാചിത്രം.

iii. പറഞ്ഞോ എഴുതിയോ വിശദീകരിക്കാൻ കഴിയാത്ത പല ആശയങ്ങളും പകർന്നു തരുന്നു.

iv. പ്രകൃതിയിലെ വികാരങ്ങളെയും ഭാവങ്ങളെയും അപ്പപ്പോൾ ഒപ്പിയെടുക്കാൻ കഴിയുന്നു.

A. i ഉം ii ഉം ശരി

B. i ഉം iii ഉം ശരി

C. i ഉം iv ഉം ശരി

D. ii ഉം iii ഉം ശരി

## (3A)താരതമ്യക്കുറിപ്പ്

ഉരുളികൾ കിണ്ടികളൊക്കെയുടച്ചു
ഉരലു വലിച്ചു കിണറ്റിൽ മറിച്ചു
ചിരവയെടുത്തഥ തീയിലെരിച്ചു

(കുഞ്ചൻ നമ്പ്യാർ)

കുണ്ടിടിഞ്ഞ് ആളപായം വന്ന് അട്ടപ്പാടി
കൂറുവാൻ കുറ്റ്യാടിയും ജബൽ ഉതിർന്ന് ചാടി
അണ്ടെപോലെ നാടുകാണി വീണിടിഞ്ഞുകൊണ്ടേ
അങ്ങുമിങ്ങും പോക്കും വരവും മുടങ്ങിട്ടുണ്ടേ.

അക്ഷരങ്ങളുടെ ആവർത്തനം, ആശയം എന്നിവ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

അല്ലെങ്കിൽ

## (3B) താരതമ്യക്കുറിപ്പ്



"എറണാകുളത്ത് ഒരു പ്രോഗ്രാമിനിടയിൽ കാലിടറിയ അദ്ദേഹത്തെ പിടിക്കാനാഞ്ഞ എന്റെ നെഞ്ചിൽ ചാഞ്ഞു നിന്നപ്പോൾ ആ മനുഷ്യന്റെ മകനാണു ഞാനെന്നു എനിക്ക് തോന്നി. ആ ഒരു യുഗപ്പൊലിമ മങ്ങി മറയുകയാണ്. എന്റെ മനസ്സ് ശൂന്യമാവുന്ന പോലെ തോന്നുന്നു. ഞാനെന്റെ ഇരു കൈകളും മലർത്തിവയ്ക്കുന്നു."

മമ്മൂട്ടി

ഈ ഫോട്ടോയും കുറിപ്പും മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരൻ എം.ടി വാസുദേവൻ നായർ അന്തരിച്ചപ്പോൾ നടൻ മമ്മൂട്ടി പങ്കുവച്ചതാണ്. ഫോട്ടോയും നടന്റെ അഭിപ്രായവും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## (4A) അഭിമുഖചോദ്യാവലി

അഷ്ടപദി ഗായകനായ ഞെരളത്ത് രാമപ്പൊതുവാളിന്റെ ഫോട്ടോയും അടിക്കുറിപ്പും തയ്യാറാക്കിയ പ്രശസ്ത ഫോട്ടോഗ്രാഫർ മധുരാജ് നിങ്ങളുടെ വിദ്യാലയത്തിലെ ഫോട്ടോ- ചിത്ര പ്രദർശനം ഉദ്ഘാടനം ചെയ്യാൻ എത്തുന്നു എന്നു കരുതുക. അദ്ദേഹവുമായി നടത്തുന്ന അഭിമുഖത്തിനാവശ്യമായ ചോദ്യാവലി തയ്യാറാക്കുക.

(കുറഞ്ഞത് 5 ചോദ്യങ്ങളെങ്കിലും തയ്യാറാക്കണം)

**അല്ലെങ്കിൽ**

## (4B) കുറിപ്പ്

പ്രശസ്ത ചിത്രകാരൻമാരായ റസാഖ് കോട്ടക്കൽ, വിക്ടർ ജോർജ്ജ്, മധുരാജ് എന്നിവർ പകർത്തിയ ഫോട്ടോകൾ നിങ്ങൾ കണ്ടല്ലോ? അവയിൽ നിങ്ങൾക്കിഷ്ടപ്പെട്ട ഫോട്ടോ ഏതാണ്? അതിന്റെ പ്രത്യേകതകളും നിങ്ങളുടെ നിരീക്ഷണങ്ങളും ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക

## (5) കത്ത്

'ദ ഫിഷ് ആൻഡ് ഐ' എന്ന സിനിമ കണ്ടുവല്ലോ? സിനിമയുടെ ആശയവും അവ നിങ്ങളിലുണർത്തിയ ചിന്തകളും ഉൾപ്പെടുത്തി കൂട്ടുകാരന് കത്തെഴുതുക.

## (6) വിവരണം



മുകളിൽ കൊടുത്ത ചിത്രത്തിന് ഒരു വിവരണം തയ്യാറാക്കുക.